ഭരണഭാഷ - മാതൃഭാഷ

**DTETVM/9241/2025-A5 (AC) നമ്പർ മേലെഴുത്ത് തീയതി 28.10.2025**

മെഡിസെപ് പദ്ധതിയുടെ ഒന്നാം ഘട്ടം 30.06.2025-നു അവസാനിക്കുകയും, രണ്ടാം ഘട്ടം ആരംഭിക്കുന്നതിലെ കാലതാമസവും കണക്കിലെടുത്ത് പ്രസ്തുത പദ്ധതി തടസമില്ലാതെ തുടരുന്നതിനായി 01.07.2025 മുതൽ 31.10.2025 വരെ ആയത് ദീർഘിപ്പിച്ച് ഉത്തരവായിരുന്നു.

19.05.2025-നു ശേഷം പുതുതായി സർവീസിൽ പ്രവേശിച്ചവർ/ ടി തീയതിയ്ക്ക് ശേഷം മാത്രം മെഡിസെപ് പ്രൊഫൈൽ create ചെയ്ത് ഡാറ്റ verify ചെയ്തവർ എന്നിവരെ മെഡിസെപ്പിന്റെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതാണ് എന്നുള്ളതുമായി ബന്ധപ്പെട്ട വിവരം അറിയിച്ചിരിക്കുന്ന 09.10.2025 തീയതിയായ 74/2025/ധന നമ്പർ സർക്കാർ പരിപത്രം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ എല്ലാ ഓഫീസ്/ സ്ഥാപന മേധാവികളുടെയും അറിവിലേക്കും തുടർ നടപടികൾക്കുമായി ലഭ്യമാക്കുന്നു.

19.05.2025-ന് ശേഷം സേവനത്തിൽ പ്രവേശിച്ചവരുടെ ശമ്പളത്തിൽ നിന്നും മെഡിസെപ് പ്രീമിയവും, കുടിശ്ശികയും ഈടാക്കേണ്ടതില്ല. എന്നാൽ മെഡിസെപ് പദ്ധതി 4 മാസത്തേക്ക് ദീർഘിപ്പിച്ച കാലയളവിലെ ശമ്പളം പ്രോസ്സസ് ചെയ്ത് കഴിഞ്ഞതിനാൽ ടി ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും മെഡിസെപ് പ്രീമിയവും, കുടിശ്ശികയും ഈടാക്കിയിട്ടുള്ള സാഹചര്യമുണ്ട്. ആയത് റീഫണ്ട് അനുവദിക്കുന്നതിനായി 18.05.2023 തീയതിയായ 80/2023/ധന നമ്പർ സർക്കാർ പരിപത്രത്തിലെ നിർദ്ദേശം പാലിച്ചുകൊണ്ട് അപേക്ഷ സമർപ്പിക്കുന്നതിനായി സർക്കാർ നിർദേശം നല്കിയിരിക്കുന്നു. പ്രസ്തുത പരിപത്രങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം സ്ഥാപന/ ഓഫീസ് DDO-മാർ ഇക്കാര്യത്തിൽ പൂർണ ഉത്തരവാദികളായിരിക്കും എന്ന് അറിയിക്കുന്നു.

**JAYAPRAKASH P**

**DIRECTOR**

പകർപ്പ് :

1. വകുപ്പിന് കീഴിലെ എല്ലാ ഓഫീസ്/ സ്ഥാപന മേധാവി (ഡിടിഇ വെബ്സൈറ്റ് മുഖേന)
2. കരുതൽ സഞ്ചയം

Signed by
Jayaprakash P
Date: 29-10-2025 11:05:41

**ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്) വകുപ്പ്**

**<u>പരിപത്രം</u>**

**നമ്പർ 74/2025/ധന** **തിരുവനന്തപുരം, 2025 ഒക്ടോബർ 9**

വിഷയം :- മെഡിസെപ് – 19.05-2025 -ന് ശേഷം മാത്രം മെഡിസെപ് പദ്ധതിയിൽ ചേർന്ന് ഡാറ്റ വെരിഫൈ ചെയ്ത ജീവനക്കാരെയും, 19-05-2025 -ന് ശേഷം സേവനത്തിൽ പ്രവേശിച്ച ജീവനക്കാരെയും പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ മാത്രം ഉൾപ്പെടുത്തുന്നത്- ഒന്നാം ഘട്ടത്തിലെ പ്രീമിയം തുകയും കുടിശികയും ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നത് – സംബന്ധിച്ച്.

സൂചന :- 1) സ. ഉ.(പി)നം. 70/2022/ധന. തീയതി 23/06/2022
2) സ. ഉ.(എം.എസ്) നം. 80/2023/ധന. തീയതി 18/05/2023
3) സ.ഉ.(പി)നം.74/2025/ധന. തീയതി 17/06/2025
4) സ.ഉ.(പി)നം.102/2025/ധന. തീയതി 14/08/2025
5) സ.ഉ.(പി)നം. 117/2025/ധന തീയതി 23/09/2025

സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായി സൂചന (1) പ്രകാരം നിലവിൽ വന്ന മെഡിസെപ് പദ്ധതിയുടെ ഒന്നാം ഘട്ടം 30.06.2025 -ന് അവസാനിച്ച സാഹചര്യത്തിൽ രണ്ടാം ഘട്ടം ആരംഭിക്കുന്നതിന്റെ കാലതാമസം കണക്കിലെടുത്ത് പദ്ധതി തടസ്സമില്ലാതെ തുടരുന്നതിനായി സൂചന (3) പ്രകാരം നിലവിലെ പദ്ധതി 01.07.2025 മുതൽ 30.09.2025 വരെ മൂന്ന് മാസക്കാലയളവിലേക്കും, സൂചന (5) പ്രകാരം 31/10/2025 വരെ ഒരു മാസത്തേക്കും ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. സൂചന (4) ഉത്തരവ് പ്രകാരം പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പദ്ധതി ദീർഘിപ്പിച്ച കാലയളവിൽ സർവ്വീസിൽ പുതുതായി പ്രവേശിക്കുന്ന ജീവനക്കാരുടെ അംഗത്വവും മെഡിസെപ് പ്രീമിയവും കുടിശ്ശികയും ഈടാക്കുന്നതും സംബന്ധിച്ച് വിവിധ വകുപ്പുകൾ സ്പഷ്ടീകരണം തേടിയിരുന്നു. ഇൻഷ്വറൻസ് കമ്പനിയുമായുള്ള ധാരണാപത്രം പ്രകാരം പോളിസി കാലയളവിനിടയിൽ സർവ്വീസിൽ പുതുതായി പ്രവേശിക്കുന്ന ജീവനക്കാരുടെ ഡാറ്റയും, ഡാറ്റയുടെ എണ്ണത്തിന് അനുസൃതമായ പ്രീമിയം തുകയും നിശ്ചിത ഇടവേളകളിൽ ഇൻഷ്വറൻസ് കമ്പനിക്ക് കൈമാറുകയും തുടർന്ന് ഇൻഷ്വറൻസ് കമ്പനി മെഡിസെപ് കാർഡ് വിതരണം ചെയ്യുകയുമാണ് ചെയ്യുന്നത്. മെഡിസെപ് പദ്ധതിയുടെ ഒന്നാം ഘട്ടം 30.06.2025 -ന് അവസാനിച്ചപ്പോൾ നിലവിലെ പദ്ധതി മൂന്ന് മാസക്കാലയളവിലേക്ക് നീട്ടി നൽകുക മാത്രമാണ് ഉണ്ടായത്. മേൽ കാലയളവിൽ പുതുതായി ഡാറ്റ കമ്പനിക്ക് കൈമാറി കാർഡ് അനുവദിക്കുന്നത് പ്രായോഗികമായിരുന്നില്ല. അതിനാൽ തന്നെ 19.05.2025 -ന് ശേഷം പുതുതായി സർവ്വീസിൽ

പ്രവേശിച്ചവർ, ടി തീയതിക്ക് ശേഷം മാത്രം മെഡിസെപ് profile create ചെയ്ത് ഡാറ്റ വെരിഫൈ ചെയ്തവർ എന്നിവരുടെ ഡാറ്റ ഇൻഷ്വറൻസ് കമ്പനിക്ക് കൈമാറുകയോ, ടി ജീവനക്കാരെ പദ്ധതിയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ, മേൽ പരാമർശിച്ച ജീവനക്കാരുടെ മെഡിസെപ്പ് അംഗത്വവും ഒന്നാംഘട്ടത്തിലെ പ്രീമിയവും കുടിശികയും ഈടാക്കുന്നതും സംബന്ധിച്ച് ചുവടെ ചേർക്കുന്ന പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- 19-05-2025 ന് ശേഷം മാത്രം മെഡിസെപ് profile create ചെയ്ത് ഡാറ്റ വെരിഫൈ ചെയ്തവർ, 19-05-2025 ന് ശേഷം സേവനത്തിൽ പുതുതായി പ്രവേശിച്ച ജീവനക്കാർ എന്നിവരെ മെഡിസെപ്പിന്റെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതാണ്. ഇതിനായി ടി ജീവനക്കാരുടെ ഡാറ്റ ഡി.ഡി.ഒ -മാർ കൃത്യമായി അപ്ഡേറ്റ് ചെയ്ത് വെരിഫൈ ചെയ്യേണ്ടതാണ്.
- 19-05-2025 ന് ശേഷം മാത്രം മെഡിസെപ് profile create ചെയ്ത് ഡാറ്റ വെരിഫൈ ചെയ്തവർ, 19-05-2025 ന് ശേഷം സേവനത്തിൽ പുതുതായി പ്രവേശിച്ച ജീവനക്കാർ എന്നിവരുടെ ശമ്പളത്തിൽ നിന്നും മെഡിസെപ് പ്രീമിയവും കുടിശ്ശികയും ഈടാക്കേണ്ടതില്ല. എന്നാൽ, പദ്ധതി നാല് മാസത്തേക്ക് ദീർഘിപ്പിച്ച കാലയളവിലെ ശമ്പളം പ്രോസസ്സ് ചെയ്തു കഴിഞ്ഞതിനാൽ ടി ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും മെഡിസെപ് പ്രീമിയം, കുടിശ്ശിക എന്നിവ ഈടാക്കിയിട്ടുള്ള സാഹചര്യമുണ്ട്. മാത്രമല്ല, സ്പാർക്ക് സോഫ്റ്റ് വെയറിൽ ഗുണഭോക്താക്കൾക്ക് മെഡിസെപ് ഐ. ഡി. നിലവിലുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രം പ്രീമിയം ഈടാക്കുന്നതിന് നിലവിൽ സാങ്കേതിക ബുദ്ധിമുട്ടുണ്ട്.
- മേൽ സാഹചര്യത്തിൽ, പ്രസ്തുത കാലയളവിൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും മെഡിസെപ് പ്രീമിയവും കുടിശ്ശികയും ഈടാക്കിയിട്ടുണ്ടെങ്കിൽ സൂചന (2) ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് റീ-ഫണ്ട് അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**വി. അജയകുമാർ**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം

എല്ലാ വകുപ്പ് മേധാവികൾക്കും

GOVERNMENT OF KERALA

## Abstract

Finance Department- Medical Insurance Scheme for State Government Employees and Pensioners – MEDISEP –Refund of premium – Detailed Guidelines- Orders issued.

================================================================

### FINANCE (HEALTH INSURANCE) DEPARTMENT

G.O.(Ms) No.80/2023/Fin Dated, Thiruvananthapuram 18/05/2023

================================================================

Read :- (1) G.O.(P) No.70/2022/Fin Dated 23.06.2022

(2) G.O.(P) No.71/2022/Fin Dated 24.06.2022

(3) G.O.(P) No.128/2022/Fin Dated 18.10.2022

## ORDER

The Government have implemented a comprehensive cashless treatment for employees, pensioners and their dependents viz. MEDISEP with effect from 01/07/2022 vide order read 1st above. Various payment modalities for MEDISEP premium deduction and detailed accounting procedures have been issued vide order read 2nd above. The Government are in receipt of requests from various corners regarding refund of premium deducted erroneously or excess from the pensioners and employees.

2) The Government have examined the matter in detail and are pleased to issue the following guidelines for the refund of premium amount deducted from employees and pensioners in eligible circumstances.

i. An employee/pensioner from whom monthly premium is erroneously deducted should forward an application for refund to the DDO/Treasury Officer concerned in the proforma annexed to this order.

ii. The DDO/Treasury officer will verify the request and then recommend and forward the application to State Nodal Cell-MEDISEP, Finance Department with the details of employee/pensioner such as Name, PEN/PPO Number, Department/ Treasury, Bank Account No. (with IFSC) .

iii. In the case of employees having family pension refund proposal shall be submitted to Treasury Officer concerned who will verify and forward application to State Nodal Cell-MEDISEP. Such cases need not be entertained by DDOs concerned.

iv. State Nodal Cell will examine the eligibility of refund and then forward the proposal to Finance (Health Insurance) Department to issue orders of refund.

v. The Finance (Health Insurance) Department is authorised to issue necessary orders for the refund of eligible amount incorporating the details such as Head of Account, Name of the Employee/Pensioner, PEN/PPO, Department/Treasury and Bank Account (with IFSC).

vi. The refund of MEDISEP premium shall be affected from the Head of Accounts concerned wherein monthly deduction for beneficiaries credited i.e., from 8658-00-102-87(01) to (08) as the case may be.

vii. The Under Secretary, Finance (Accounts) Department is entrusted to draw the amount from Head of Accounts concerned and disburse the amount to the bank account of persons concerned.

viii The State Nodal Cell-MEDISEP is entrusted to monitor the entire process of refund mechanism in each and every cases.

**(BY ORDER OF THE GOVERNOR)**

**BISHWANATH SINHA**

**ADDITIONAL CHIEF SECRETARY**

To

The Principal Accountant General (G &SSA/A&E), Kerala, Thiruvananthapuram.

The Accountant General (E& RSA), Kerala, Thiruvananthapuram

All Heads of Department and Officers/All Departments (all Sections) of the Secretariat.

All Secretaries/Additional Secretaries/Joint Secretaries/ Deputy Secretaries/Under Secretaries to Government.

The Secretary to Governor

The Advocate General, Kerala

The Registrar, Kerala High court.

The Secretary, Kerala Public Service Commission.

Registrars of all Universities.

The NORKA Department.

The Private Secretary to Hon'ble Chief Minister and Other Ministers.

The Private Secretary to Hon'ble Speaker

The Private Secretaries to the Leader of Opposition, Government Chief Whip

The Director of Public Relations, Thiruvananthapuram.

The Additional Secretary to Chief Secretary.

The Director of Treasuries, Thiruvananthapuram.

The Under Secretary & DDO Finance(Accounts)Department

State Nodal Cell MEDISEP

The District Treasuries /Sub Treasuries.

Nodal Officer, www.finance.kerala.gov.in

Stock file/Office Copy (E No 2116093)

Forwarded /By Order

GaneshAL

Section Officer

**Proforma for the submission of Application for refund of MEDISEP Premium erroneously deducted from employee and pensioner**

| | |
|---|---|
| Name of Employee/ Pensioner | : |
| Employee ID/PEN/PPO | : |
| Name of Office/Treasury | : |
| Name of DDO/Treasury Officer | : |
| Treasury/DDO Code | : |
| Premium amount to be refunded | : |
| The Head of Account in which premium remitted | : |
| Bank details of Employee/Pensioner (Account No. with IFSC, copy of relevant document to be attached) | : |
| Reason for erroneous deduction | : |
| Remarks if any | : |
| Signature of the Applicant | : |